(സി) ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്ന എൻ.ജി.ഒ. ദമ്പതികളിൽ ഒരാളെമാത്രം മറ്റൊരു സ്ഥലത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യുരുത് എന്ന തത്വം ഈ വിഭാഗം ജീവനക്കാർക്ക് ബാധകമാണോ;

(ഡി) നെയ്യാറ്റിൻകര ഫയർ സ്റ്റേഷനിൽ ഡ്രൈവറായി ജോലി ചെയ്തുവരുന്ന ജി. അജയകുമാറിനെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് ട്രാൻസ്ഫർ ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്ത്; എവിടേയ്ക്കാണ് അദ്ദേഹത്തെ സ്ഥലംമാറ്റിയത്;

(ഇ) അദ്ദേഹത്തേക്കാൾ സീനിയറായിട്ടുള്ളവരും കൂടുതൽ കാലം തിരുവനന്തപുരം ജില്ലയിൽ ഫയർ സ്റ്റേഷനിൽ ജോലി ചെയ്തിട്ടുള്ളവരുമായ മറ്റാരെങ്കിലും ഉണ്ടോ;

(എഫ്) എങ്കിൽ അവരെ സ്ഥലംമാറ്റിയശേഷം മാത്രമേ ജയകുമാറിനെ സ്ഥലംമാറ്റാവു എന്നു നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി)കേരള ഫയർഫോഴ്സിലെ ഡ്രൈവർമാരുടെയും മെക്കാനിക്കുകളുടെയും സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേകിച്ച് മാനദണ്ഡം ഒന്നും തന്നെ നിലവിലില്ല. സാധാരണ രീതിയിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡപ്രകാരമാണ് ജീവനക്കാരെ ട്രാൻസ്ഫർ ചെയ്യുന്നത്. ചില പ്രത്യേക സാഹചര്യത്തിൽ പൊതുതാൽപര്യാർത്ഥം ജീവനക്കാരെ ട്രാൻസ്ഫർ ചെയ്യേണ്ടി വരുന്നുണ്ട്.

(സി) ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്ന എൻ.ജി.ഒ. ദമ്പതികളെ കഴിയുന്നതും ഓരേ ജില്ലയിൽ തന്നെ ജോലി നോക്കാൻ അനുവദിക്കുന്ന പൊതു തത്വം അഗ്നിശമനസേനയിലെ ജീവനക്കാർക്കും ബാധകമാണ്.

(ഡി) ഉണ്ട്, തുടർച്ചയായ അച്ചടക്കലംഘനം, മേലുദ്യോഗസ്ഥരുടെ ഉത്തരവുകളും ശിക്ഷകളും അനുസരിക്കാതിരിക്കുക, നിർദ്ദേശിച്ച പ്രകാരം യൂണിഫോം ധരിക്കാതിരിക്കുക മുതലായവ സ്ഥിരം പ്രവണതയാക്കിയ ഒരു സേനാംഗമാണ് ശ്രീ. ജയകുമാർ എന്നു കണ്ടതിനെ തുടർന്ന് കഴിഞ്ഞ ഏഴ് വർഷക്കാലം തുടർച്ചയായി നെയ്യാറ്റിൻകര ഫയർസ്റ്റേഷനിൽ ജോലിചെയ്തു വന്നിരുന്ന പ്രസ്തുത സേനാംഗത്തെ പൊതുതാത്പര്യാർത്ഥം തൃക്കരിപ്പൂർ ഫയർസ്റ്റേഷനിലേയ്ക്കാണ് സ്ഥലം മാറ്റിയത്.

(ഇ) ഉണ്ട്.

(എഫ്) പൊതുതാത്പര്യാർത്ഥം ഒരു ജീവനക്കാരനെ ട്രാൻസ്ഫർ ചെയ്യുമ്പോൾ മറ്റ് ജീവനക്കാരുടെ സേവനകാലവുമായി ബന്ധപ്പെടുത്തി ട്രാൻസ്ഫർ ചെയ്യുവാൻ കഴിയുകയില്ല.

125 (2438) ഏറ്റുമാനൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഫയർ സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നു ആവശ്യപ്പെട്ട് സർക്കാരിനു നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഏറ്റുമാനൂരിൽ എത്രയും വേഗം ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ആകെ 61 ഫയർ സ്റ്റേഷനുകൾ ഉണ്ട്.

തിരുവനന്തപുരം	-	5
കൊല്ലം	-	5
കോട്ടയം	-	5
ആലപ്പുഴ	-	3
എറണാകുളം	-	11
തൃശ്ശൂർ	-	5
ഇടുക്കി	-	3
പാലക്കാട്	-	4
മലപ്പുറം	-	3
കാസർഗോഡ്	-	3
കണ്ണൂർ	-	4
കോഴിക്കോട്	-	6
വയനാട്	-	1
പത്തനംതിട്ട	-	3

(ബി)(സി)&(ഡി) നിവേദനം ലഭിച്ചതായി കാണുന്നില്ല ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഒരു മുൻഗണനാപട്ടിക തയ്യാറാക്കിയതിനുശേഷമാണ് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്. പുതിയ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

126 (2439) ലീഡിംഗ് ഫയർമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ സർവ്വീസിംഗ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ അതിലെ വ്യവസ്ഥ അനുസരിച്ച് ലീഡിംഗ് ഫയർമാൻ പോസ്റ്റിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ട വിദ്യാഭ്യാസയോഗ്യത എന്തെല്ലാമാണ്;

(സി) ഈ വിദ്യഭ്യാസയോഗ്യത ഇല്ലാത്തവർക്ക് ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായതിന്റെ അടിസ്ഥാനത്തിൽ ലീഡിംഗ് ഫയർമാൻ പോസ്റ്റിലേയ്ക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേർക്ക്;

(ഇ) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായതിന്റെ അടിസ്ഥാനത്തിൽ ലീഡിംഗ് ഫയർമാനായി പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly